ക്ലച്ച്‌ലേലം

*൭൩൪. (പ്രവ്യ) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) നമ്മുടെ സംസ്ഥാനത്തെ റിസർവുകളിലുള്ള തടിക്ലച്ചുകൾ ലേലം വിളിച്ചു കൊടുക്കുന്നതു സംബന്ധിച്ചു് എന്തെങ്കിലും ക്രമക്കേടുകൾ ഉള്ളതായി ഗവൺമെന്റിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനു് എന്തു ചെയ്തു?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഇല്ല. ക്രമക്കേടുകൾ ഉള്ളതായി ഗവൺമെന്ററിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

(ബി) എ-യുടെ ഉത്തരത്തിൽനിന്നു ഈ ചോദ്യം ഉദിക്കുന്നില്ല.

ഗ്രാന്റ് കൊടുക്കാത്ത സ്കൂളുകൾ

*൭൩൫. (പ്രൻ) ശ്രീ. കോന്നനാത്തു് കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തൃശ്ശിവപേരൂർ ഡിസ്ട്രിക്ടിൽ മാനേജുമെന്റ് സ്കൂളുകളിൽ ഗ്രാന്റ് കൊടുക്കാത്ത ക്ലാസ്സുകൾ എത്ര;

(ബി) ഏതെങ്കിലും ഒരു കാലാവധി വച്ചാണോ ഗ്രാന്റ് കൊടുക്കാതിരിക്കുന്നതു്?

വിദ്യാഭ്യാസവും, ക്ഷേത്രവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ ടി. കെ. നാരായണപിള്ള):

(എ. & ബി.) പ്രഥമാദ്ധ്യാപകരെ ആരംഭിച്ചിട്ടുള്ള ക്ലാസുകൾക്കു ഗ്രാന്റ് അനുവദിച്ചിട്ടുള്ളൂ.

ശ്രീ. കെ. കെ. വിശ്വനാഥൻ: അപ്പോൾ പുതിയതായി ആരംഭിച്ചിട്ടുള്ള സ്കൂളുകൾക്കു ഗ്രാന്റ് കൊടുക്കുകയില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: ഗ്രാന്റ് കൊടുക്കുകയില്ലാ എന്നു പറഞ്ഞിട്ടില്ല.

ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: ഈ സ്കൂളുകൾ ആരംഭിച്ചതു ഗവൺമെന്റ് അനുവദിപ്രകാരമല്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: അതെ. ഫണ്ടിന്റെ അഭാവംകൊണ്ടാണു് ഗ്രാന്റ് കൊടുക്കാതിരുന്നിട്ടുള്ളതു്.

ശ്രീ. ഇട്ടീര അയ്യക്കൻ: പ്രഥമാദ്ധ്യാപനു് മുമ്പുള്ള ഗ്രാന്റ് കൊടുത്തിട്ടുണ്ടെന്നാണോ അനുമാനിക്കേണ്ടതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ അനുമാനിക്കുന്നതിൽ തെറ്റില്ല.

ശ്രീ. ഇട്ടീര അയ്യക്കൻ: പ്രഥമാദ്ധ്യാപനു മുമ്പുള്ള ഗ്രാന്റ് കൊടുക്കാത്ത സ്കൂളുകൾ ഇനിയും ഉണ്ടെന്നു അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവൺമെന്റിനു അങ്ങനെ അറിവാൻ കഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഗോ. ഇലങ്കത്ത്: ഗ്രാന്റ് കൊടുക്കാതിരിക്കുന്ന സ്കൂളുകൾക്ക് എന്ന ഗ്രാന്റ് കൊടുക്കും?

ശ്രീ. ടി. കെ. നാരായണപിള്ള: അടുത്ത ബഡ്ജറ്റ് വർഷത്തിൽ കൊടുക്കണമെന്നാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നത്.

Point of Order re. Resignation of Ministry

ശ്രീ. എ. സിതമ്പരനാത നാടാർ: സർ, ഒരു പായിന്റ് ആപ് ആർഡർ. ഇപ്പോൾ ബജറ്റിനെ ഇങ്ങു introduce ചെയ്വതിനു മുൻപ്, ശ്രീമാൻ ടി.കെ. നാരായണപിള്ളേ അവർകളിന്റെ മന്ത്രി സഭ രാജി വെച്ചതിനുശേഷം ഇങ്ങിനെയുള്ള മന്ത്രി സഭ വരുന്നതുവരെ ഇങ്ങു ബഡ്ജറ്റ് സമ്മേളനം നടക്കുകൂടാതെന്നു സ്പീക്കർ അവർകൾ അതു ഒത്തിവെച്ചിരിക്കുന്നു. അതേപോലെ ഇന്നു മലയാളരാജ്യം പബ്ലിമെന്റിൽ ഇന്നു ശ്രീ. സി. കേശവൻ അവർകൾ തലമൈതാങ്കും മന്ത്രി സഭ ഇന്നു കാലെ 9 മണിക്കു രാജി വെച്ചതായിക്കാണപ്പെടുന്നു.

"ശ്രീ. സി. കേശവൻ മന്ത്രിസഭ ഇന്നു രാവിലെ ൯–ാ ൦-ന് രാജിവച്ചിരിക്കുന്നു. ഇന്നു രാവിലെ ൧൧–ാ ൦-ന് കന്റോൺമെന്റ് ഹൌസിൽവെച്ചു കൂടിയ കാൺഗ്രസ്സ് പാർലിമെന്ററി പാർട്ടിയോഗത്തിൽവെച്ച് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് ജനറൽ സെക്രട്ടറി ശ്രീ. മോഹൻലാൽ ഈ രാജിവാർത്ത പുറപ്പെടുവിക്കുകയുണ്ടായി. ഇന്നു വൈകുന്നേരം ൫–൩൦-ന് കൂടുന്ന പാർട്ടിയോഗത്തിൽവെച്ചു പുതിയ ലീഡർ തിരഞ്ഞെടുപ്പു നടക്കുന്നതാണ്. വീണ്ടും ശ്രീ. സി. കേശവനെ തന്നെ പാർട്ടി ലീഡറായിതെരഞ്ഞെടുക്കുമെന്ന് വിശ്വാസയോഗ്യമായി അറിയുന്നു"

മറ്റു വാർത്തകൾ എനക്കു വായിക്കുവാൻ തരിയവില്ലാ. അതുകൊണ്ടു ഇതു സംബന്ധമായ സ്പീക്കർ അവർകളിന്റെ ഒരു തീർമാനത്തെ നാൻ എതിർപാർക്കിറേൻ.

Mr. Speaker: From the extract that has been read by the hon'ble Member I find that the basis on which the information has been asked for is faulty. Resignation, is to be submitted to the Rajpramukh. It is not to be made to the Cantonment House. We have nothing to do with parties. We are only concerned with the Ministers and the Ministry. The point of order is based on incorrect information. If I am authentically informed that the Ministry has submitted its resignation to the Rajapramukh that certainly is a matter that may be gone into.

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ. കന്റോൺമെന്റ് ഹൌസിൽവെച്ചു ഞങ്ങൾ മന്ത്രിസഭ രാജിവെച്ചതു എന്നല്ലാ പറഞ്ഞതു. അവിടെവെച്ചു മന്ത്രിസഭ രാജിവെച്ചുവെന്നുള്ള വിവരം അറിഞ്ഞു എന്നാണു പറഞ്ഞതു.

Mr. Speaker: No explanation on the subject is necessary.

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, അവിടെവച്ചു രാജിവെച്ചുവെന്നുള്ള വിവരം മി. ഗൌതമനെ അറിയിച്ചുവെന്നാണു പറഞ്ഞതു. പത്രത്തിൽ ഈ കാര്യം പരസ്യം ചെയ്തിട്ടും ഉണ്ടു.

Mr. Speaker: Has the Member got any reliable information that the Ministry has resigned other than the newspaper report?

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, മന്ത്രിസഭ രാജിവെച്ചു എന്നു മലയാളരാജ്യത്തിൽ കണ്ടുകൊണ്ടാണു ഞാൻ അതു വിശ്വസിക്കുന്നതു. അതല്ലെങ്കിൽ ഞാൻ വിശ്വസിക്കയില്ലായിരുന്നു. എതായാലും, മന്ത്രിമാരോടു ഈ കാര്യം ചോദിച്ചാൽ കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly